<u>പത്രപ്രസ്താവന</u>

ഭാരതീയ റിസർവ് ബാങ്ക്

വാർത്താ വിനിമയ വിഭാഗം

കേന്ദ്ര ഓഫീസ്, മുംബൈ-400001

നവംബർ 29, 2017

**ബാങ്കിങ് റെഗുലേഷൻ നിയമം , 1949 (AACS) വകുപ്പ് 35 A പ്രകാരം പുറപ്പെടുവിച്ച ഡയറക്ഷൻ-CKP സഹകരണ ബാങ്ക്, മുംബൈ, മഹാരാഷ്ട്ര.**

2014 ഏപ്രിൽ 30ലെ ഡയറക്ടീവ് പ്രകാരം CKP സഹകരണ ബാങ്ക് (മുംബൈ, മഹാരാഷ്ട്ര) 2014 മെയ് 2ലെ ഇടപാടുകൾ അവസാനിയ്ക്കുന്ന സമയം മുതൽ ഡയറക്ഷനു കീഴിൽ ആയിരുന്നു. ഈ നടപടി കാലാകാലങ്ങളിൽ പരിഷ്കരിക്കുകയും 2017 ജൂലൈ 26ലെ ഡയറക്റ്റീവ് പ്രകാരം കാലാവധി, പുനരവലോകനത്തിനു വിധേയമായി, 2017 നവംബർ 30 വരെ ദീർഘിപ്പിക്കുകയും ചെയ്തിരുന്നു.

ബാങ്കിങ് റെഗുലേഷൻ നിയമം, 1949(AACS) വകുപ്പ് 35A യുടെ ഉപ വകുപ്പ്(1), വകുപ്പ് 56 എന്നിവ പ്രകാരം റിസർവ് ബാങ്കിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ഇത് വരെ പുറപ്പെടുവിച്ച ഡയറക്റ്റീവിന്റെ തുടർച്ചയായി 2017 നവംബർ 23ലെ ഡയറക്ടീവ് പ്രകാരം കാലാവധി 2017 ഡിസംബർ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള നാലു മാസ കാലയളവിലേക്ക്, പുനരവലോകനത്തിനു വിധേയമായി, ദീർഘിപ്പിച്ചിരിക്കുന്നു. 2017 നവംബർ 23ലെ ഡയറക്ടീവിന്റെ ഒരു പകർപ്പ് പൊതുജനങ്ങളുടെ അറിവിലേക്കായി ബാങ്ക് പരിസരത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്. ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിച്ച ഡയറക്ഷനിൽ മാറ്റം വരുത്തിയത് ബാങ്കിന്റെ സാമ്പത്തിക സ്ഥിതിയുടെ തകർച്ചയോ മെച്ചപ്പെടലോ ആയി വ്യാഖ്യാനിക്കപ്പെടേണ്ടതില്ല.

അജിത്പ്രസാദ്

പത്രപ്രസ്താവന : 2017-2018/1476 അസിസ്റ്റന്റ് അഡ്വൈസർ